Talented Bankers Literary Panel
പുസ്തക പരിചയം 189

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, കൊട്ടാരക്കര.

നോവൽ : അയൽക്കാർ
നോവലിസ്റ്റ് : പി കേശവദേവ്
1964 ലെ കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് നേടിയ കൃതി

ചരിത്രം കഥ പറയുക.. അല്ലെങ്കിൽ കഥയിലൂടെ ചരിത്രം പറയുക.. കേശവദേവിന്റെ ഈ നോവലിനെ ഇങ്ങനെ പറയാം.
പൊതുവിൽ നിശ്ചലമായി കിടന്ന കേരളത്തിന്റെ സാമൂഹിക ഘടനയിൽ പത്തൊൻപതാം നൂറ്റാണ്ടിൽ വരുന്ന മാറ്റങ്ങളും, അത് നായർ - ഈഴവ - ക്രിസ്ത്യൻ മത വിഭാഗങ്ങളിൽ വരുത്തുന്ന മാറ്റങ്ങളും, അതോടൊപ്പം തന്നെ കേരളത്തിന്റെ പൊതു സമൂഹത്തിൽ വരുന്ന ആകെ മാറ്റങ്ങളും ആ ചരിത്രത്തിന്റെ നേർ സാക്ഷി എന്ന രീതിയിൽ നോവലിൽ പ്രതിപാദിക്കുന്നു.
സമൂഹത്തിൽ വരുന്ന മാറ്റങ്ങളോട് മുഖം തിരിച്ചു നിൽക്കുന്ന നായർ പ്രമാണിത്തവും, പുത്തൻ ആശയങ്ങളോട് ആകർഷിക്കപ്പെട്ടു പോകുന്ന ഈഴവ യുവത്വവും ഇതിലൊന്നും പങ്കാളികൾ ആകാതെ ധന സമ്പാദനത്തിൽ വ്യാപൃതരാവുന്ന ക്രിസ്ത്യൻ സമൂഹവും.
മംഗലശ്ശേരി, പച്ചാഴി എന്നീ തറവാടുകളുടെ പശ്ചാത്തലത്തിൽ ചരിത്രത്തിന്റെ പിൻബലത്തിൽ ആണ് നോവലിസ്റ്റ് കഥ ഒരുക്കുന്നത്.
അന്തസ്സിനും ആഭിജാത്യത്തിനും എന്നും മുൻ തൂക്കം കൊടുക്കുന്ന, ജാതി മാമൂലുകളെയും, തൊട്ടു തീണ്ടലിനെയും മുറുകെ പിടിക്കുന്ന, ഒരു പരിധി വരെ ദുരഭിമാനം കൂടെ പിറപ്പായുള്ള ഈ തറവാടുകൾ പരസ്പരം കലഹിച്ചും തമ്മിൽ തല്ലിയും സ്വയം നശിക്കുമ്പോൾ, അവിടെ കുടിയേറി വരുന്ന വറീത് മെല്ലെ മെല്ലെ കഠിനാധ്വാനം കൊണ്ടു സാമ്പത്തിക ഉന്നമനത്തിലേക്കു പോകുന്നു.

കേസിലും, വഴക്കിലും പെട്ടു തറവാട്ട് കാരണവന്മാർ കുടുംബ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ വരുമ്പോൾ പതുക്കെ ക്ഷയിച്ചു തുടങ്ങുന്ന തറവാടുകളിൽ പുത്തൻ പണക്കാർ കടന്നു കൂടുകയും അവരുടെ തകർച്ചക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു. മരുമക്കത്തായം പിടിച്ചുലക്കുന്ന തറവാടുകൾ സമൂഹത്തിൽ നിന്നു സ്വയം ഒറ്റപ്പെട്ടു തുടങ്ങുന്നു..
നായർ- ഈഴവ സങ്കർഷങ്ങൾ പലതും പുരോഗമന ചിന്താഗതിക്കാരായ ഈഴവ യുവാക്കളും മാമൂലുകളെ മുറുകെ പിടിക്കുന്ന തല മുതിർന്ന നായർ കാരണവന്മാരും തമ്മിലായിരുന്നു.

സമൂഹത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാനാകാതെ ചിതറി പോകുന്ന തറവാടുകളും, മാറ്റങ്ങളെ ഉൾക്കൊണ്ട കീഴ് ജാതിക്കാരുടെ വിപ്ലവവും അന്നത്തെ കേരളത്തിന്റെ ചരിത്രത്തെ എങ്ങനെ മാറ്റി എന്നും, നമ്മൾ ഇന്നു കാണുന്ന മാറ്റത്തിന്റെ ചിത്രങ്ങളിൽ നിറക്കൂട്ട് ചേർത്തവർ ആരൊക്കെ എന്നും പത്മനാഭ പിള്ളയിലൂടെ, പച്ചാഴി കാരണവറിലൂടെ, തമ്പ്രാനെ ദൈവമായി കരുതുന്ന കുഞ്ഞൻ എന്ന ചോവനിലൂടെ, വാസു എന്നാ ഈഴവ വിപ്ലവകാരിയിലൂടെ, നാലുകെട്ടിൽ സ്വയം ഒതുങ്ങി ഇല്ലാതാവുന്ന അന്തർജനങ്ങളിലൂടെ, പൂജ്യത്തിൽ നിന്നും സാമ്രാജ്യം വെട്ടിപ്പിടിച്ച വറീതിലൂടെ, ഗതികേടിന്റെ ആൾരൂപമായ സുമതിയിലൂടെയും ഒക്കെ നോവലിസ്റ്റ് പറയുന്നു..
വസൂരി, പറങ്കിപ്പുണ്ണു തുടങ്ങിയ അന്നത്തെ രോഗങ്ങളും നോവലിന്റെ ഭാഗമാണ്.
മാറ്റങ്ങളെ ചേർത്ത് പിടിക്കാതെ തകർന്നു പോകുന്ന നായർ തറവാടുകൾ വീണ്ടും ഒന്ന് നിവർന്നു നിൽക്കാൻ ഒരു തലമുറ മാറി വരേണ്ടി വന്നു.
സ്വാതന്ത്ര്യ സമരവും കൂട്ടത്തിൽ കടന്നു വരുന്നുണ്ട്...
അയിത്ത ജാതിക്കാർക്ക് നിഷിദ്ധമായിരുന്ന പൊതു നിരത്തുകളും, അയിത്തക്കാരൻ അങ്ങനെ തന്നെ നില നിന്നു പോന്ന സ്കൂളുകളും സർക്കാർ ഓഫീസുകളും തീണ്ടിയാൽ തല്ലുന്ന മേല്ജാതിക്കാരും ഉള്ള, ജാതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം മാറ്റങ്ങൾക്കു സ്വയം വിധേയമാകുന്നത് വളരെ മികവോടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു..

അതിവേഗം താളുകൾ മറിക്കാവുന്ന ഒഴുക്കുള്ള എഴുത്ത്... ഒരു മലയാളി തീർച്ചയായും വായിച്ചിരിക്കേണ്ട പുസ്തകം...

പ്രസാധകർ: ഡി സി ബുക്സ്
പേജ്: 296
വില: 299രൂപ